"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കേരള നിയമ സഭാ സെക്രട്ടറിയേറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്- I I ശ്രീമതി.സ്മിത.പി.വി-യ്ക്ക് കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് അന്യത്രസേവന വ്യവസ്ഥയിലുള്ള നിയമനം ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2397/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/12/2020

---

പരാമർശം:- 1 സർക്കുലർ നം.42/13/ഫിൻ തീയതി: 10/03/2013.

2 സ.ഉ(സാധാ)നം.314/2020/തസ്വഭവ, തീയതി 05.02.2020

3 ശ്രീമതി.സ്മിത.പി.വി യുടെ അപേക്ഷ.

4 കേരളാ നിയമ സഭാ സെക്രട്ടറിയേറ്റിൽ നിന്നുള്ള 05.11.2020 തീയതിയിലുള്ള നിരാക്ഷേപ സാക്ഷ്യപത്രം.

5 കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 19.11.2020ലെ പി 8-367/2020നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് കേരള നിയമ സഭാ സെക്രട്ടറിയേറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II ശ്രീമതി.സ്മിത.പി.വി-യ്ക്ക് അന്യത്രസേവന വ്യവസ്ഥയിലുള്ള നിയമനം ദീർ ഘിപ്പിച്ച് നല്കണമെന്നഭ്യർഥിച്ച് പരാമർ ശം (3) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചു. ടിയാൾക്ക് അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം ദീർഘിപ്പിച്ച് നല്കുന്നതിൽ വിയോജിപ്പില്ലെന്ന് പരാമർശം (4) പ്രകാരം നിയമസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ശ്രീമതി.സ്മിത.പി.വി യ്ക്ക് പരാമർശം ( 2 ) ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ഒരു വർഷത്തേക്ക് അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം നൽകിയിരുന്നു. ശ്രീമതി.സ്മിത.പി.വി യുടെ അന്യത്ര സേവനകാലവ്യവസ്ഥയിലുള്ള നിയമന കാലാവധി 04.02.2021 ൽ അവസാനിക്കും.

2 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1) സർക്കുലറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കേരള നിയമ സഭാ സെക്രട്ടറിയേറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്- I I ശ്രീമതി.സ്മിത.പി.വി-യ്ക്ക് കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ കെ.എസ്.ആർ.ഭാഗം ഒന്ന്, ചട്ടം 140 ( സി) യിലെ വ്യവസ്ഥകൾക്ക് വിധേയമായി 05.02.2021 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥയെ വിടുതൽ

ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേക്ക് തിരിച്ചു പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഉദ്യോഗസ്ഥയെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ലീന എ**
**ഡെപ്യൂട്ടിസെക്രട്ടറി**

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

പ്രസിഡന്റ്/സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോഴിക്കോട്.

ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

ശ്രീമതി.സ്മിത.പി.വി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II , നിയമസഭാ സെക്രട്ടേറിയറ്റ്, (നിയമസഭാ സെക്രട്ടറി മുഖേന).

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(ഇപിഎ1/229/2019/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ